'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - പാലക്കുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ. സോമനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ബിനു ജോണിനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1332/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/06/2019**

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 18.12.1997-ലെ ഡി2-11783/97 നമ്പർ നടപടിക്രമങ്ങൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 30.07.1998-ലെ ഡി2-11783/97 നമ്പർ കുറ്റാരോപണ മെമ്മോ

3 പഞ്ചായത്ത് ഡയറക്ടറുടെ 29.08.1998-ലെ ഡി2-11783/97 നമ്പർ നടപടിക്രമങ്ങൾ

4 സ.ഉ.(സാധാ) നം.244/2000/വിജി. തീയതി 20.10.1999

5 സ.ഉ.(സാധാ) നം.72/2003/വിജി. തീയതി 25.03.2003

6 ബഹു. തൃശ്ശൂർ വിജിലൻസ് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ 30.09.2014-ലെ സി.സി.22/2006 (വി.സി. 09/2000/ഇകെഎം) നമ്പർ വിധിന്യായം

7 പഞ്ചായത്ത് ഡയറക്ടറുടെ 24.11.2014-ലെ ഡി2-11783/97 നമ്പർ നടപടിക്രമങ്ങൾ

8 പഞ്ചായത്ത് ഡയറക്ടറുടെ 05.12.2014-ലെ ഡി2-11783/97 നമ്പർ കത്ത്

9 സർക്കാരിന്റെ 22.02.2017-ലെ ഇപിബി2/22/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

10 ശ്രീ. എ. സോമൻ സമർപ്പിച്ച 12.05.2017-ലെ പ്രതിവാദ പത്രിക

## ഉത്തരവ്

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എ. സോമനെതിരെ അധികാര ദുർവിനിയോഗം, കൃത്യവിലോപം, സാമ്പത്തിക ക്രമക്കേടുകൾ, താത്ക്കാലിക പണാപഹരണം എന്നീ കുറ്റങ്ങൾ ചുമത്തി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശ്രീ. എ. സോമനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. തുടർന്ന് കുറ്റപത്രത്തിന് ശ്രീ. എ. സോമൻ പ്രതിവാദ പത്രിക സമർപ്പിക്കുകയും ശ്രീ. എ. സോമനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി പരാമർശം (3) പ്രകാരം സേവനത്തിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു.

ശ്രീ. എ. സോമനെതിരായ ആരോപണങ്ങളിന്മേൽ V.C.09/2000/EKM നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ ആരംഭിച്ച അച്ചടക്ക നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. തുടർന്ന് പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. എ. സോമനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (5) പ്രകാരം സേവനത്തിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. V.C.09/2000/EKM നമ്പർ വിജിലൻസ് കേസ് C.C 22/2006-ന്മേൽ ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് പരാമർശം (6) പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി . ശ്രീ. എ. സോമൻ കുറ്റക്കാരനാണെന്ന് കണ്ട് ഒരു വർഷം സാധാരണ തടവിനും 1000/- രൂപ പിഴയും ശിക്ഷിച്ചുകൊണ്ടാണ് ബഹു. കോടതി ഉത്തരവ് പുറപ്പെടുവിച്ചത്.

ശ്രീ. എ. സോമൻ 31.05.2013-ൽ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്തു പരാമർശം (7) നടപടിക്രമങ്ങൾ പ്രകാരം ഉത്തരവാകുകയുണ്ടായി.

തുടർന്ന് ശ്രീ. എ. സോമൻ 31.05.2013-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 500/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് കുറവു വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (10) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എ. സോമനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ബഹു. തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് ബഹു. കേരള ഹൈക്കോടതി സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ളതുപോലെ തനിക്ക് ലഭിക്കുന്ന പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപയുടെ റിക്കവറി നടപടികൾ ബഹു. ഹൈക്കോടതിയുടെ തീർപ്പ് ഉണ്ടാകുന്നതുവരെ ആരംഭിക്കരുതെന്നും ആയതിനുമുമ്പ് ടി തുക റിക്കവറി ചെയ്യേണ്ട സാഹചര്യം ഉണ്ടായാൽ അത് ടിയാന് ഇനിയും നൽകിയിട്ടില്ലാത്ത ഗ്രാറ്റുവിറ്റിയിൽ നിന്നോ ടെർമിനൽ സറണ്ടറിൽ നിന്നോ ഈടാക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതി, ശ്രീ. എ. സോമനെതിരെയുള്ള വിജിലൻസ് കോടതി ഉത്തരവ് നടപ്പിലാക്കുന്നത് സസ്പെന്റ് ചെയ്തു 28.10.2014-ൽ ഉത്തരവായിട്ടുണ്ട്. എന്നിരുന്നാലും ടിയാനെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതിന് മറ്റ് നിയമ തടസ്സങ്ങൾ ഒന്നും ഇല്ലായെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ. എ. സോമനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. എ. സോമനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ബിനു ജോണിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

File No.LSGD-EPB2/22/2016-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. ശ്രീ. ബിനു ജോൺ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, എറണാകുളം

   (പരാമർശം (7), (8), (9), 10 എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എ. സോമൻ, മുൻ സെക്രട്ടറി, പാലക്കുഴ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, പാലക്കുഴ ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/22/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ